I ഇ.ബി. XIV - കേരള നിയമസഭ/XXII-11

# പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 22, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I **അനുമോദനം**

ശ്രീ. ഉമ്മൻ ചാണ്ടി നിയമസഭാംഗമായതിന്റെ അമ്പതാം വർഷം.

മി. സ്പീക്കർ: കേരള രാഷ്ട്രീയത്തിലെ അപൂർവ്വതകളിലൊന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ 50 വർഷം പൂർത്തിയാകുന്ന സാഹചര്യം. ജനങ്ങൾക്കിടയിൽ ജീവിക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തനശൈലി പഠനവിധേയമാക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിന് സഭയുടെ അഭിവാദ്യങ്ങളും അനുമോദനങ്ങളും നേരുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിൽ കടന്നുവന്ന ശ്രീ. ഉമ്മൻ ചാണ്ടി നാലാം കേരള നിയമസഭയിലാണ് ആദ്യമായി അംഗമാകുന്നത്. അതിനുശേഷം തുടർച്ചയായി പതിനൊന്ന് തവണ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയായും സുപ്രധാന വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് വിപുലമായ പ്രവർത്തന പാരമ്പര്യമാണുള്ളത്. രാഷ്ട്രീയ പ്രവർത്തനവും ജനങ്ങൾക്കായുള്ള ഇടപെടലുകളും തുടർന്നും നടത്താനുള്ള ആരോഗ്യം അദ്ദേഹത്തിന് ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരള രാഷ്ട്രീയത്തിലെ വിസ്മയമാണ് ശ്രീ. ഉമ്മൻ ചാണ്ടി. ജനങ്ങളോടൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന അനിതരസാധാരണമായ പ്രവർത്തനശൈലിയുടെ ഉടമയായ അദ്ദേഹം പ്രവർത്തിച്ച എല്ലാ മേഖലകളിലും സഹപ്രവർത്തകരുടെയും ജനങ്ങളുടെയും ആദരവും സ്നേഹവും പിടിച്ചുപറ്റിയിരുന്നു. കോൺഗ്രസ്സിന്റെ കരുത്തുറ്റ മുഖമായ അദ്ദേഹത്തിന്

ഭരണരംഗത്തും സംഘടനാ രംഗത്തും വിവിധ നിലകളിൽ അഭിമാനകരമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷമെന്നോ ഭരണകക്ഷിയെന്നോ ഉള്ള വ്യത്യാസം കൂടാതെ തന്റെ മുമ്പിൽവരുന്ന പരാതികൾ പരിഹരിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ മാതൃകാപരമാണ്. കേരള രാഷ്ട്രീയത്തിനും കോൺഗ്രസ് പാർട്ടിക്കും ദീർഘകാലം നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

## II അറിയിപ്പ്

### ശാസന

മി. സ്പീക്കർ: പീഡനക്കേസിലെ ഇരയ്ക്ക് പൊതുസമൂഹം നൽകേണ്ട പിന്തുണയ്ക്കും സംരക്ഷണത്തിനും വിരുദ്ധമായി സമൂഹത്തിന് മാതൃകയാകേണ്ട ഒരു നിയമസഭാംഗം വ്യക്തിതാല്പര്യം മുൻനിർത്തി ഇരയെ മോശക്കാരിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം ഗൗരവതരമായി കാണുന്നു. ഇത്തരം പ്രവൃത്തി നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമസഭയുടെയും അംഗങ്ങളുടെയും അന്തസ്സിന് കോട്ടം

തട്ടുന്നതാണെന്നും അദ്ദേഹത്തെ ശാസിക്കേണ്ടതാണെന്നും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് 2021 ജനുവരി 21-ാം തീയതി സഭ അംഗീകരിച്ച സാഹചര്യത്തിൽ കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 53 (ബി) നൽകുന്ന അധികാരമുപയോഗിച്ച് ശ്രീ. പി. സി. ജോർജിനെ സഭ ശാസിക്കുന്നു.

ശ്രീ. പി. സി. ജോർജ്: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ശിപാർശ പ്രകാരം നൽകിയ ശാസനയെ ആദരവോടെ സ്വീകരിക്കുന്നു.

## III അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: പ്രകോപനപരമായ മുദ്രാവാക്യങ്ങൾ ഉയർത്തി കണ്ണൂർ ജില്ലയിൽ ഭരണകക്ഷിയിൽപ്പെട്ട ഒരു സംഘം പ്രവർത്തകർ പ്രകടനം നടത്തിയ സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള വിഷയം അടിയന്തരപ്രമേയമായി അനുവദിക്കാൻ സാധ്യമല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കെ ബഹുമാനപ്പെട്ട സ്പീക്കർ തുടർനടപടികളിലേയ്ക്ക് കടന്നതിനെത്തുടർന്ന് സഭ ബഹിഷ്കരിച്ച് പുറത്തുപോകുകയും അല്പസമയത്തിന് ശേഷം തിരികെ പ്രവേശിക്കുകയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) നീന്തൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങൾ കുറയ്ക്കുന്നതിന് ബോധവൽക്കരണമടക്കം ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും പാഠ്യപദ്ധതിയിൽ നീന്തൽ പരിജ്ഞാനം ഉൾപ്പെടുത്തുന്നതിനും പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വർദ്ധിച്ചുവരുന്ന ജലാശയ അപകടങ്ങൾ കുറയ്ക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മുൻകരുതലുകൾ സ്വീകരിക്കുന്നതിനും അപകടമുണ്ടായാൽ നേരിടുന്നതിനും അഗ്നിസുരക്ഷാ വകുപ്പ് സേഫ്റ്റി ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട മുന്നറിയിപ്പുബോർഡുകൾ സ്ഥാപിക്കുന്നതിനും രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂബാ ഡൈവിംഗിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ടീമുകളെ എല്ലാ ജില്ലകളിലും നിയോഗിച്ചിട്ടുണ്ട്. ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രാഥമിക നീന്തൽ പരിശീലനം നൽകുകയും പാഠ്യപദ്ധതിയിൽ നീന്തൽ പരിജ്ഞാനം ഉൾപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. യുവാക്കൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനും വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ലൈഫ്ഗാർഡുകളെ നിയമിച്ച് മുങ്ങിമരണം ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) <u>ദേവസ്വം ബോർഡ് നിയമനങ്ങളിലെ സാമുദായിക സംവരണം</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ സംവരണവും വിശ്വകർമ്മ സമുദായത്തിന് പ്രത്യേക സംവരണവും

ഏർപ്പെടുത്തുന്നതിനും ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിൽ സാമുദായിക സംവരണം പാലിച്ചുള്ള നിയമനം ആരംഭിച്ചത്. സംവരണേതര വിഭാഗങ്ങൾക്ക് പത്ത് ശതമാനം സാമ്പത്തിക സംവരണമേർപ്പെടുത്തുന്നതിനും ഈഴവ വിഭാഗങ്ങൾക്കും പട്ടികജാതി വിഭാഗത്തിനും മറ്റ് പിന്നോക്ക സമുദായങ്ങൾക്കും സംവരണത്തോത് ഉയർത്തുന്നതിനുമുള്ള സർക്കാർ തീരുമാനപ്രകാരം അതാത് ദേവസ്വം ബോർഡുകളുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വിശ്വകർമ്മ ഉൾപ്പെടുന്ന മറ്റ് പിന്നാക്കവിഭാഗങ്ങൾക്കും നിലവിലുള്ള സംവരണ ചട്ടങ്ങൾ അനുസരിച്ചുള്ള പ്രാതിനിധ്യം നൽകിവരുന്നുണ്ട്.

## V അറിയിപ്പ്

വെള്ളിയാഴ്ച മൂന്നുമണിക്കുശേഷം സഭ ചേരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: വെള്ളിയാഴ്ച ദിവസങ്ങളിൽ 12.30.-നാണ് സഭ പിരിയുന്നത്. എന്നാൽ ഇന്ന് മൂന്ന് മണിക്കുശേഷം നിയമനിർമ്മാണത്തിനായി സഭ വീണ്ടും ചേരുന്നതാണ്. രാവിലെ രണ്ട് ധനവിനിയോഗ ബില്ലുകളുടെ പരിഗണനയും ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇന്ന് ഷെഡ്യൂൾ ചെയ്തിരിക്കുന്ന സബ്മിഷനുകൾ അവതരിപ്പിച്ചതായി കണക്കാക്കുകയാണ്. മന്ത്രിമാർ മറുപടികൾ മേശപ്പുറത്ത് വയ്ക്കേണ്ടതും ബന്ധപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതുമാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-1, ലിസ്റ്റ്-2 (ചട്ടം 236(5)), ലിസ്റ്റ് - 3 (ചട്ടം 236(6)), ലിസ്റ്റ് - 4 (ചട്ടം 47(2)) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. കെ.എ.എസ്.ഇ.-ന്റെ പ്രവർത്തനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റിയുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ

## VIII ഗവൺമെന്റ് പ്രമേയം

സി.ആന്റ് എ.ജി.-യുടെ കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019 മാർച്ചിൽ അവസാനിച്ച വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ 41 മുതൽ 43 വരെയുള്ള പേജുകളിലും എക്സിക്യൂട്ടീവ് സമ്മറിയിലുമുള്ള കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ സംബന്ധിച്ച ചട്ടം 118 അനുസരിച്ചുള്ള പ്രമേയം അവതരിപ്പിക്കുന്നു.

'കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്തുവയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു

മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താല്പര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതിച്ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.&എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യനീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമാണെന്ന് മാത്രവുമല്ല സി.&എ.ജി.-യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി.എ.ജി. ഓഡിറ്റ് റെഗുലേഷനുകൾ സാമാന്യ നീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി.ആന്റ്എ.ജി.-യെ അറിയിക്കുവാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതുസംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു.'

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വരുമാനവും ചെലവുകളും സംബന്ധിച്ച് ഓഡിറ്റ് നടത്തുന്നതിന്

നിയമവും കീഴ്‌വഴക്കവും ചട്ടവും നിലവിലുണ്ട്, ആ നടപടിക്രമങ്ങൾ സി.&എ.ജി. ലംഘിച്ചതായാണ് കാണുന്നത്. കരട് റിപ്പോർട്ടിൽ ഇല്ലാത്ത ചില ഭാഗങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് തെറ്റായ കീഴ്‌വഴക്കമാണ്. ഒരു കാര്യം തീരുമാനിക്കുന്നതിനുമുമ്പ് അത് ബാധിക്കപ്പെടുന്ന ആളിന്റെ/സ്ഥാപനത്തിന്റെ ഭാഗംകൂടി കേൾക്കണമെന്നാണ് പ്രാഥമികതത്വം. അത് ലംഘിക്കപ്പെട്ടിരിക്കുകയാണ്. ഈ കീഴ്‌വഴക്കം അംഗീകരിച്ചുപോയാൽ എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും തമ്മിൽ നിലവിലുള്ള ചെക്ക് ആന്റ് ബാലൻസാണ് അട്ടിമറിക്കപ്പെടുന്നത്. അതിന് കൂട്ടുനിന്നു എന്ന അപഖ്യാതി സഭയ്ക്കുണ്ടാകാൻ പാടില്ല. ഈ പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: പ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർക്കുവേണ്ടി സഭയിൽ സമർപ്പിച്ച സി.&എ.ജി റിപ്പോർട്ടിലെ പ്രത്യേക ഖണ്ഡികകൾ നിരാകരിക്കാൻ നിയമസഭയ്ക്ക് അധികാരമില്ല. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നടപടിക്രമങ്ങൾ പാലിക്കാതെ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് അനാവശ്യ കീഴ്‌വഴക്കങ്ങൾ സൃഷ്ടിക്കാനും

ഭരണഘടനാസ്ഥാപനങ്ങളെ തകർക്കാനുമുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. സഭയുടെ പാരമ്പര്യവും അന്തസ്സും കാത്തുസൂക്ഷിക്കുന്നതിന് പ്രമേയത്തിൽനിന്നും ഗവൺമെന്റ് പിന്മാറണം.

ശ്രീ. ജെയിംസ് മാത്യു: പ്രമേയത്തെ അനുകൂലിക്കുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ അടിസ്ഥാനരഹിതവും അബദ്ധജഡിലവുമായ പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സി.&എ.ജി. റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ല. വസ്തുതകൾക്ക് നിരക്കാത്ത ആരോപണങ്ങളാണ് കിഫ്ബിയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തെ എതിർക്കുന്നു. നിയമസഭയുടെ അന്തസ്സിന് നിരക്കാത്തതും അസാധാരണവുമായ പ്രമേയമാണ് അവതരിപ്പിച്ചിരിക്കുന്നത്. സി.&എ.ജി. ചട്ടവിരുദ്ധമായാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്ന വാദം അടിസ്ഥാനരഹിതമാണ്. സി.&എ.ജി.-യുടെ അഭിപ്രായം കേൾക്കാതെ രാഷ്ട്രീയലക്ഷ്യത്തോടെ ഏകപക്ഷീയമായെടുത്ത സമിതി തീരുമാനം അംഗീകരിക്കാൻ കഴിയില്ല. കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് ഭരണഘടനാ സ്ഥാപനത്തെ അവഹേളിക്കാൻവേണ്ടി

കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ നിരാകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: പ്രമേയത്തെ അനുകൂലിക്കുന്നു. 2007-ലെ റെഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സിലെ നടപടിക്രമങ്ങൾ പാലിക്കാതെയും സർക്കാരിന്റെ ഭാഗം വിശദീകരിക്കുന്നതിന് മതിയായ അവസരം നൽകാതെയും ഗൂഢലക്ഷ്യത്തോടെയുമാണ് റിപ്പോർട്ടിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ് സി.&എ.ജി. നടത്തിയിരിക്കുന്നത്. ക്രമപ്രകാരമല്ലാതെയും ചട്ടവിരുദ്ധമായുമുള്ള കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ സഭ നിരാകരിക്കണം.

ഡോ. എം. കെ. മുനീർ: പ്രമേയത്തെ എതിർക്കുന്നു. സി.&എ.ജി. റിപ്പോർട്ടുകൾ ഭാവിയിലും നിരാകരിക്കാനുള്ള തെറ്റായ കീഴ്വഴക്കമാണ് കേരള നിയമസഭ സൃഷ്ടിക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: പ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയുള്ള സി.&എ.ജി. പരാമർശം ദൗർഭാഗ്യകരമാണ്. കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നതിലൂടെ നാടിന്റെ

വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ശ്രീ. ഒ. രാജഗോപാൽ: പ്രമേയത്തെ എതിർക്കുന്നു. ഭരണഘടനാ തത്വങ്ങൾക്കും രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനും എതിരാണ് ഈ പ്രമേയം. സി.&എ.ജി. ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികൾക്കെതിരെയുള്ള ഗവൺമെന്റ് നിലപാട് പ്രതിഷേധാർഹമാണ്. പൊതുജനത്തിന്റെ നികുതി പണം കിഫ്ബിയുടെ വരവിനമായി കണക്കാക്കുമ്പോഴും സി.&എ.ജി.-യുടെ ഓഡിറ്റ് അനുവദിക്കില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനങ്ങൾ പാലിക്കേണ്ട സാമ്പത്തിക അച്ചടക്കം പരിശോധിച്ച് വീഴ്ച കണ്ടെത്തുന്ന ഭരണഘടനാ സ്ഥാപനങ്ങളെ ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് അനുചിതവും രാജ്യത്തിന്റെ സാമ്പത്തിക അഖണ്ഡതയ്ക്ക് എതിരുമാണ്.

ശ്രീ. എം. സ്വരാജ്: പ്രമേയത്തെ അനുകൂലിക്കുന്നു. സി.&എ.ജി.-യെ ഉപയോഗിച്ച് കിഫ്ബിയെ തകർത്ത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്.

നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ മാർഗ്ഗങ്ങളിലൂടെ തയ്യാറാക്കിയ റിപ്പോർട്ട് നിരാകരിക്കാൻ സഭയ്ക്കുള്ള അവകാശത്തെയും അധികാരത്തെയുമാണ് പ്രമേയം പ്രതിഫലിപ്പിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ എതിർക്കുന്നു. ഭരണഘടനയനുസരിച്ച് പ്രവർത്തിക്കുന്ന സി.&എ.ജി.-ക്കെതിരെ പ്രമേയം പാസ്സാക്കുന്നത് ഭരണഘടന പ്രകാരമുള്ള പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തും. സി.&എ.ജി. റിപ്പോർട്ടിന്മേൽ ഗവൺമെന്റിന് പരാതിയുണ്ടെങ്കിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ച് പ്രസ്തുത റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാമെന്നുള്ള വ്യവസ്ഥാപിത രീതി നിലനിൽക്കെ അത് ലംഘിച്ച് ധനകാര്യ വകുപ്പുമന്ത്രി റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയത് ഭരണഘടനാവിരുദ്ധവും അതുസംബന്ധിച്ച് അന്വേഷണം നടത്തിയ സമിതി റിപ്പോർട്ട് നിരാകരിച്ചത് തെറ്റായ കീഴ്വഴക്കവുമാണ്. ഭരണഘടനയ്ക്കനുസൃതമായി പ്രവർത്തിക്കുന്ന സി.&എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ നീക്കം ചെയ്യാൻ ശ്രമിക്കുന്നത് ഭരണഘടനയെ വെല്ലുവിളിക്കുന്നതിന് തുല്യമാണ്, പ്രമേയം പിൻവലിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: പ്രമേയത്തെ എതിർക്കുന്നു. സി.&എ.ജി.-ക്കെതിരെ പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഗവൺമെന്റിന്റെ വരവുചെലവ് കണക്കുകൾ പരിശോധിച്ച് ന്യൂനതകൾ ചൂണ്ടിക്കാണിച്ച് പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനമാണ് സി.&എ.ജി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർക്കാരിന്റെയും സർക്കാർ സ്ഥാപനങ്ങളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് പാലിക്കേണ്ട നടപടികളെക്കുറിച്ച് സി.&എ.ജി തന്നെ പറഞ്ഞിട്ടുണ്ട്. ഈ വിഷയം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി പരിശോധിക്കുന്ന വേളയിലൊന്നും പ്രതിപക്ഷാംഗങ്ങൾ ഇക്കാര്യം പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. കിഫ്ബിയുടെ വായ്പ മുഴുവനും ആർട്ടിക്കിൾ 293-ന് വിരുദ്ധമാണെന്നും അതിന് ലെജിസ്ലേറ്റീവ് അപ്രൂവൽ ഇല്ലെന്നുമുള്ള സി.&എ.ജി.-യുടെ നിഗമനം തള്ളിക്കളഞ്ഞില്ലെങ്കിൽ ഈ ധനകാര്യ

സ്ഥാപനത്തിന് പ്രവർത്തിക്കാനോ വായ്പയെടുക്കാനോ സാധിക്കുകയില്ല. സംസ്ഥാനത്തിന്റെ വികസനക്കുതിപ്പും ജനങ്ങളുടെ താല്പര്യവും സംരക്ഷിക്കുകയെന്ന ഉദ്ദേശത്തോടെയാണ് പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഭാഗം കേൾക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കടമെടുത്തത് ഭരണഘടനാ വിരുദ്ധമാണെന്ന സി.&എ.ജി. റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. കിഫ്ബിയുമായി ബന്ധപ്പെട്ട് വിവാദങ്ങൾ സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളുടെ ഭാഗമാണിത്. പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## IX ക്രമപ്രശ്നം

<u>സി.&എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമർപ്പിച്ച സി.&എ.ജി. റിപ്പോർട്ടിലെ ഏതെങ്കിലും ഭാഗം നിരാകരിക്കാൻ സഭയ്ക്ക് അധികാരമില്ല. ഗവർണ്ണർക്കുവേണ്ടി സഭയിൽ സമർപ്പിച്ച സി.&എ.ജി.

റിപ്പോർട്ടാണോ പ്രമേയത്തിന്റെ ഭാഗമായി ചില ഭാഗങ്ങൾ ഒഴിവാക്കിയ റിപ്പോർട്ടാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നതെന്നുള്ളത് വ്യക്തമാക്കണം. ഭരണഘടന അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കുന്ന സഭ അതിലെ പ്രധാനപ്പെട്ട ഭാഗം തെറ്റായി വ്യാഖ്യാനിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്.

<u>മി. സ്പീക്കർ</u>: നടപടിക്രമങ്ങൾ പാലിക്കാതെ സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കിയെന്ന പ്രശ്നം ഉന്നയിക്കാനുള്ള സഭയുടെ അവകാശത്തെ ചോദ്യം ചെയ്യാനാകില്ലെന്ന് മാത്രമല്ല, അതിന്റെ ഭാഗമായുള്ള നിലപാട് സ്വീകരിക്കാനും സഭയ്ക്ക് അധികാരമുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെയും ക്രമപ്രകാരമല്ലാതെയും തയ്യാറാക്കിയ സി.&എ.ജി. റിപ്പോർട്ടിലെ ബന്ധപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കാൻ സഭ തീരുമാനിച്ചാൽ അത്തരം പരാമർശങ്ങൾ ഒഴിവാക്കിയ റിപ്പോർട്ടായിരിക്കും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്നത്.

പ്രമേയം സഭ പാസ്സാക്കി.

## X നിയമനിർമ്മാണം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(I) 2021-ലെ കേരള ധനകാര്യ ബിൽ
(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2021-ലെ കേരള ധനവിനിയോഗ ബിൽ
(ii) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2021-ലെ കേരള ധനവിനിയോഗ ബില്ലും 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2021-ലെ കേരള ധനവിനിയോഗ ബില്ലും 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഡി. കെ. മുരളി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ പൂജാരികളായി നിയമിച്ചതും കേരള ബാങ്കിന്റെ രൂപീകരണവും വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ മുന്നേറ്റവും ശ്രദ്ധേയമാണ്. നവകേരളം രൂപപ്പെടുത്തുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്.

(ഉച്ചയ്ക്കുശേഷം 12.33-ന് നിർത്തിവച്ച സഭ 3.00 മണിക്ക് പുനരാരംഭിച്ചു.)

**നിയമനിർമ്മാണം (തുടർച്ച)**

ശ്രീ. ആർ. രാമചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഭാവി പുരോഗതിക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുകയും വികസനപ്രവർത്തനങ്ങളിൽ രാജ്യത്തിന് മാതൃകയാകുംവിധം നേട്ടങ്ങൾ കൈവരിക്കാൻ നേതൃത്വം നൽകുകയും ചെയ്ത ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ പ്രത്യേക പ്രോജക്ട് നടപ്പാക്കാനും ആലപ്പാട് പഞ്ചായത്തിലെ കരിമണൽ സംരക്ഷിക്കാനും അനധികൃത ഖനനം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സർക്കാരിന്റെ ധനദുർവിനിയോഗവും പാഴ്ചെലവുകളുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മോശമാകാൻ കാരണം. നിർമ്മാണപ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ പ്രത്യേക ഏജൻസികളെ ഏൽപ്പിക്കുന്ന അശാസ്ത്രീയ നിലപാട് അവസാനിപ്പിക്കണം. ബജറ്റിലൂടെ പൊള്ളയായ വാഗ്ദാനങ്ങൾ നൽകി ജനങ്ങളെയും ജനപ്രതിനിധികളെയും കബളിപ്പിക്കുകയാണ് സർക്കാർ

ചെയ്യുന്നത്.

<u>ശ്രീ. സി. കെ. നാണു</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പരിശ്രമിക്കുകയും വികസനപ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ ബജറ്റിലൂടെ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാൻ സാധിക്കാത്തതുമായ ഇരുപതിന പരിപാടികളിൽ മുൻഗണന നിശ്ചയിച്ച് ചിലതെങ്കിലും യാഥാർത്ഥ്യമാക്കാനും ടെക്സ്റ്റൈൽ കോർപ്പറേഷനുകളുടെ നവീകരണത്തിന് പ്രഖ്യാപിച്ചിട്ടുള്ള തുക വിനിയോഗിച്ച് തൊഴിലാളികളെ പ്രതിസന്ധിയിൽനിന്ന് രക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ സാദ്ധ്യമാക്കുകയും പ്രകടനപത്രികയിൽ പ്രഖ്യാപിച്ച വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും നടപ്പാക്കുകയും ക്ഷേമവും വികസനവും ഉറപ്പാക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു.

34 ലക്ഷത്തോളം കുടുംബങ്ങൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതിനും വൻതോതിൽ കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനും ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പ്രവാസിക്ഷേമത്തിനാവശ്യമായ തുക നീക്കിവയ്ക്കുന്നതിനും ലൈഫ് പദ്ധതിയുടെ ഭാഗമായി 2.05 ലക്ഷത്തോളം വീടുകൾ നിർമ്മിച്ചു നൽകുന്നതിനും പി.എസ്.സി. വഴി 1.5 ലക്ഷം നിയമനങ്ങൾ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിത വകുപ്പായും കെ-ഫോൺ, ഗെയിൽ, കേരള ബാങ്ക് തുടങ്ങിയവ യാഥാർത്ഥ്യമാക്കിയ സർക്കാരാണിത്.

ശ്രീ. വി. എസ്. ശിവകുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ആറ്റുകാൽ ടൗൺഷിപ്പ്, സ്മാർട്ട് സിറ്റി എന്നീ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനും ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ

സയൻസസ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനും മുൻകയ്യെടുക്കണം. കിഫ്ബിയിലുൾപ്പെടുത്തി 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച അട്ടക്കുളങ്ങര മേൽപ്പാലം, ശംഖുംമുഖം-വേളി റോഡ് വികസനം തുടങ്ങിയവയ്ക്ക് ഡി.പി.ആർ. തയ്യാറാക്കണം. തീരദേശ വികസനത്തിനും ഓഖി ദുരിത ബാധിതർക്കുമായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കണം. കടലാക്രമണമുള്ള പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും കമ്പവല തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും പൂന്തുറ-വലിയതുറ ഫിഷറീസ് ഹാർബറുകൾ നിർമ്മിക്കുന്നതിനും തിരുവനന്തപുരം നഗരത്തിൽ പൂർണ്ണമായും സ്വീവേജ് സംവിധാനം നടപ്പാക്കുന്നതിനും നടപടിയുണ്ടാകണം. വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിക്കണം. കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട വികസനത്തിനാവശ്യമായ തുക അനുവദിക്കണം. ക്ഷേത്രങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് ദേവസ്വം ബോർഡിന് കൂടുതൽ തുക അനുവദിക്കണം. വ്യാപാരി-വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം. ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ വിശ്വാസികളായ

ഏതൊരാൾക്കും പൂജ നടത്താമെന്ന വിപ്ലവകരമായ തീരുമാനമെടുത്തത് മുൻ യു.ഡി.എഫ്. സർക്കാരാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തലസ്ഥാന നഗര വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതാണ്. ദേവസ്വം ബോർഡിന് അനുവദിച്ച സഹായത്തിന് പുറമെ ആവശ്യമെങ്കിൽ കൂടുതൽ തുക അനുവദിക്കുന്നതാണ്. കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ കിഫ്ബി മുഖേന നടപ്പാക്കുന്നതാണ്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2021-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ശ്രീ. ബി. സത്യൻ: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. പ്രകൃതി ദുരന്തങ്ങളെയും മഹാമാരികളെയും അതിജീവിച്ച സർക്കാരിന്റെ വികസനപ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാനുള്ള ശ്രമമാണ്

പ്രതിപക്ഷം നടത്തുന്നത്. സൗജന്യ ഭക്ഷ്യകിറ്റ് തുടരാനും സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കാനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ആരോഗ്യമേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങളാണ് സർക്കാർ കൈവരിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി രണ്ടരലക്ഷം വീടുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞതും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നതും ഗവൺമെന്റിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. പ്രതിസന്ധികൾക്കിടയിലും സാധാരണക്കാരുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കാതെ ക്ഷേമപദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന ബഡ്ജറ്റാണിത്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും ഉപജീവന പാക്കേജിന് തുക വകയിരുത്തിയതും റബ്ബറിന്റെ തറവിലയും നെല്ല്, നാളികേരം എന്നിവയുടെ താങ്ങുവിലയും വർദ്ധിപ്പിച്ചതും പൊതുവിദ്യാലയങ്ങളെ ഹൈടെക് ആക്കി മാറ്റിയതും ലൈഫ്

പദ്ധതിയിലുൾപ്പെടുത്തി രണ്ടര ലക്ഷം വീടുകൾ നിർമ്മിച്ചുനൽകിയതും കെ-ഫോൺ ഉൾപ്പെടെയുള്ള നവീന പദ്ധതികൾ ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. പ്രവാസി പെൻഷൻ വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അട്ടപ്പാടി-കോങ്ങാട്-ടിപ്പുസുൽത്താൻ റോഡിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ഐ.പി.എസ്. കൺഫർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ഖജനാവിലെ പണം സർക്കാരിന്റെ പരസ്യത്തിനും ധൂർത്തിനുംവേണ്ടി വിനിയോഗിക്കുന്ന നടപടി അവസാനിപ്പിക്കണം.

ശ്രീ. സി. കെ. നാണു: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ട് പോകുന്നത്.

ശ്രീ. പി. ഉണ്ണി: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ അനുകൂലിക്കുന്നു. കോവിഡ് രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതും മുഴുവൻ ജനങ്ങൾക്കും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതും സ്വാഗതാർഹമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തിയതും സമൂഹ അടുക്കളവഴി ഭക്ഷണം നൽകിയതും ജനകീയ ഹോട്ടലുകൾ ആരംഭിച്ചതും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചതും ഗ്രാമീണ റോഡുകൾ മെച്ചപ്പെടുത്തിയതും സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും ശ്രദ്ധേയമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിനെ എതിർക്കുന്നു. വണ്ടൂർ നിയോജകമണ്ഡലത്തിലെ കാളികാവ്-കരുവാരക്കുണ്ട്-ചോക്കാട് പഞ്ചായത്തുകളിലെ ജനവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കി കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളെല്ലാം വാഗ്ദാനങ്ങളായി നിലനിൽക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ സാധാരണക്കാരിലേയ്ക്കെത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റാൻ സാധിച്ചിട്ടുണ്ട്. ഭീമമായ തുക ചെലവഴിക്കാതെ കേരളത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനാണ് കിഫ്ബി രൂപീകരിച്ചിട്ടുള്ളത്. സാധാരണക്കാർക്കായി കാർഷിക-വ്യാവസായിക അടിത്തറയിൽ ഉപജീവന തൊഴിലുകൾ സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ പരിപാടികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൈക്രോ പ്ലാനുകളിലൂടെ അഞ്ച് വർഷംകൊണ്ട് കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമാക്കി മാറ്റാൻ സാധിക്കുന്നതാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനും പരിസ്ഥിതി സന്തുലനാവസ്ഥയ്ക്കും ബജറ്റിൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. സഞ്ചാര സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പശ്ചാത്തല വികസനങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. എല്ലാ സ്ഥലത്തും ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കി സ്കൂളുകളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കിയാൽ

മാത്രമേ നോളജ് സൊസൈറ്റി യാഥാർത്ഥ്യമാവുകയുള്ളൂ. ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികൾ നടപ്പാക്കുന്നതോടെ കേരളത്തിനാവശ്യമായ വൈദ്യുതി ഉറപ്പാക്കാൻ സാധിക്കും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും</u>

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ശബ്ദവോട്ടോടെ സഭ പാസ്സാക്കി.

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല)

ശ്രീ. പി. ഉബൈദുള്ള: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീനാരായണ ഗുരുവിന്റെ പേരിൽ ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സ്വാഗതാർഹമാണ്. വിദൂര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ സംവിധാനമുണ്ടാക്കുന്നതിനും പുതിയ യൂണിവേഴ്സിറ്റിക്ക് സാധിക്കണം. ബിരുദാനന്തര ബിരുദം കഴിഞ്ഞവർക്ക് തൊഴിൽ ലഭ്യമാകുന്ന തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും ഗാന്ധിയൻ സ്റ്റഡീസ് മാതൃകയിൽ ഗുരുദേവ ദർശനങ്ങൾ സിലബസിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പുതിയ ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി കുട്ടികൾക്ക് സർവ്വകലാശാലകളുടെ കീഴിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി പാരലൽ

കോളേജുകളിൽ  പഠിക്കാനുള്ള സൗകര്യം ഇല്ലാതാകുന്ന അവസ്ഥയുണ്ടാകും. വിദൂര വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റുകളിൽ ഓപ്പൺ യൂണിവേഴ്സിറ്റി എന്ന് രേഖപ്പെടുത്തുന്നത് വിദേശ രാഷ്ട്രങ്ങളിൽ ജോലി ലഭിക്കാനും കേരളത്തിനുപുറത്ത് ഉന്നത വിദ്യാഭ്യാസം നടത്താനും ബുദ്ധിമുട്ടുണ്ടാക്കും. പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ആരംഭിക്കുന്ന സയൻസ് കോഴ്സുകൾക്ക് ഗവൺമെന്റ് കോളേജുകളിലെ ലാബുകൾ ഉപയോഗപ്പെടുത്താനുള്ള തീരുമാനം പ്രായോഗികമാണോയെന്ന് പരിശോധിക്കണം. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റീജിയണൽ സെന്റർ മലപ്പുറം ഗവൺമെന്റ് കോളേജിൽ ആരംഭിക്കുകയും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ  സംവരണതത്വങ്ങൾ പാലിച്ചുകൊണ്ട് നടപ്പാക്കുകയും ചെയ്യണം. സംസ്ഥാനത്തെ കോളേജുകളിലെ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികകളിൽ നിയമനം നടത്തുന്നതോടൊപ്പം കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണവും അടിയന്തരമായി നടപ്പാക്കണം.

ശ്രീ. ചിറയം ഗോപകുമാറിനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ

യൂണിവേഴ്സിറ്റി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് അഭിമാനകരമാണ്. തൊഴിലധിഷ്ഠിത കോഴ്സുകളോടൊപ്പം നൈപുണ്യ വികസന കോഴ്സുകളും വിദൂര പഠന സമ്പ്രദായത്തിലൂടെ നടപ്പാക്കണം. വിദ്യാഭ്യാസ മേഖല പുനഃസംഘടിപ്പിക്കുന്നതിലൂടെ സർവ്വകലാശാലകളുടെ ജോലിഭാരം കുറയുകയും റെഗുലർ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാകുകയും ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുകയും ചെയ്യും. ശ്രീനാരായണഗുരുവിന്റെ തത്വചിന്തകൾ കൂടുതലായി പഠിക്കാനും ഗവേഷണം നടത്താനുമുള്ള സാഹചര്യം ടി യൂണിവേഴ്സിറ്റിയിലൂടെ ഒരുക്കണം. ബില്ലിൽ യൂണിവേഴ്സിറ്റിയുടെ അധികാര സ്ഥാനങ്ങൾ എന്ന ഭാഗത്ത് കേരള നിയമസഭയിലെ മൂന്ന് പ്രതിനിധികൾ എന്നുകൂടി ചേർക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഗുരുദർശനങ്ങളിൽ

ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ടുണ്ട്. കോഴ്സുകൾക്കാവശ്യമായ സിലബസുകൾ തയ്യാറാക്കാനുള്ള കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ നടപടികൾ അവസാന ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത കോഴ്സുകൾക്കുപുറമെ നൂതന തൊഴിലധിഷ്ഠിത കോഴ്സുകളും ആരംഭിക്കുന്നതാണ്. ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി നിലവാരത്തിലാണ് കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നത്. ഓപ്പൺ യൂണിവേഴ്സിറ്റിയിലെ വി.സി., പി.വി.സി., രജിസ്ട്രാർ എന്നിവർക്ക് യു.ജി.സി. മാനദണ്ഡപ്രകാരമുള്ള യോഗ്യതയില്ലെന്ന പരാമർശം വസ്തുതാവിരുദ്ധമാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

201, 204, 205, 207, 208, 209, 213, 215, 216, 218, 221, 222, 223, 225, 226, 227, 228, 230, 232, 237, 240, 242, 246, 247, 249, 252, 256, 257, 259, 261, 262, 264, 266, 267, 270, 271, 272, 274, 275, 277, 279 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

204. ഖണ്ഡം 2 (എ)-യിൽ "നിയമംമൂലം" എന്നതിനു പകരം "നിയമം മൂലം" എന്ന് ചേർക്കുക.

225. ഖണ്ഡം 2 (എച്ച്)- ൽ " ഒരു" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

389. ഖണ്ഡം 3(7)-ൽ "തുടങ്ങിയവ" എന്നതിന് പകരം "എന്നിവ" എന്നത് ചേർക്കുക.

282, 283, 284, 288, 290, 291, 294, 297, 300, 301, 302, 303, 304, 306, 308, 309, 314, 315, 317, 319, 321, 322, 323, 324, 325, 326, 329, 330, 333, 334, 335, 338, 339, 341, 343, 344, 345, 347, 348, 349, 350, 351, 354, 358, 361, 363, 364, 368, 369, 370, 372, 374, 376, 377, 379, 380, 381, 382, 384, 385, 386, 387, 388, 390 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

317. ഖണ്ഡം 3(3)-ൽ "നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനു ശേഷമുള്ള "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

392, 393, 395, 397, 398, 399 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

529. ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നതിന് പകരം "വിജ്ഞാന വിനിമയത്തിനായി" എന്ന് ചേർക്കുക.

404, 405, 406, 407, 408, 409, 411, 414, 417, 419, 420, 422, 424, 425, 426, 428, 430, 431, 432, 433, 434, 435, 436, 437, 438, 439, 440, 441, 442, 443, 444, 445, 446, 450, 451, 453, 455, 456, 458, 459, 460, 464, 466, 468, 469, 473, 474, 475, 476, 477, 480, 482, 483, 484, 485, 486, 488, 490, 491, 492, 493, 495, 496, 498, 499, 500. 501, 502, 503, 504, 506, 510, 511, 513, 514, 516, 518, 519, 520, 521, 522, 523, 525, 526, 527, 528, 530, 532, 534, 539, 541, 542, 543 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ സ്വീകരിച്ചു.

435. ഖണ്ഡം 5 (iii)-ൽ " തുടങ്ങിയ" എന്ന വാക്ക് ഒഴിവാക്കുക എന്നതിനുപകരം " എന്നീ" എന്ന വാക്ക് ചേർക്കുക.

436. ഖണ്ഡം 5 (iii)-ൽ " തപാൽ" എന്നതിനുശേഷം "/ഇമെയിൽ" എന്നതിനുപകരം " അല്ലെങ്കിൽ ഇമെയിൽ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

433. ഖണ്ഡം 5 (iii)-ൽ "ശാസ്ത്രസാങ്കേതിക" എന്നതിനു പകരം "സാങ്കേതികശാസ്ത്ര"എന്ന് ചേർക്കുക.

438. ഖണ്ഡം 5 (iii)-ൽ "സമ്പർക്ക ക്ലാസുകൾ" എന്നതിനു ശേഷം "വെബിനാറുകൾ"എന്ന് ചേർക്കുക.

485. ഖണ്ഡം 5(iv)(സി)-ൽ "പഠനങ്ങൾ" എന്നതിനു പകരം "പഠനം"എന്ന് ചേർക്കുക.

495. ഖണ്ഡം 5(iv)(ഡി)-ൽ "സംസ്ഥാനത്തിന്റെ" എന്നതിനു പകരം "സംസ്ഥാനത്തെ"എന്ന് ചേർക്കുക.

506. ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ" എന്നതിനു പകരം "മറ്റു സർവ്വകലാശാല അദ്ധ്യാപകരുടെ"എന്ന് ചേർക്കുക.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

545, 546, 548, 550, 551, 552, 554, 555, 557, 558, 559, 560, 561, 563, 564, 565, 567, 569, 570, 572, 573, 574, 575, 576, 577, 578, 579, 581, 583, 585, 588, 590, 593, 594, 596, 598, 599, 601, 603, 605, 607, 608, 609, 610, 611, 613, 615, 616, 617, 618, 619, 620, 621, 622, 624, 625, 627, 628, 629, 632, 634, 635, 636, 637, 638, 639, 641, 643, 644, 645, 647, 648, 650, 651, 652, 653, 655, 656, 657, 658, 659, 661, 664, 665, 666, 667, 668, 672, 673, 674, 675, 676, 677, 679, 680, 681, 682, 683, 684, 685, 686, 687, 690, 692, 694, 696 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

683. ഖണ്ഡം 6 (xxiii)-ൽ " എമിരിറ്റസ്" എന്നതിനു പകരം "എമെരിറ്റസ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

720. ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപെട്ടവർക്കോ" എന്നതിന് ശേഷം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കോ ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

702, 703, 705, 706, 707, 708, 709, 710, 712, 714, 715, 716, 717, 718 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

എട്ടാം വകുപ്പ് (9)-ാം ഉപവകുപ്പിലെ "മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

752. ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചാർജ്ജുകൾ" എന്നതിനു പകരം "കുറ്റാരോപണം" എന്ന് ചേർക്കുക.

723, 724, 727, 728, 729, 730, 732, 733, 734, 735, 737, 738, 739, 740, 742, 743, 746, 749, 750, 751, 753, 754 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

728. ഖണ്ഡം 8(4)-ൽ- "വാങ്ങിയശേഷം" എന്നതിനു ശേഷമുള്ള " അവ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള പ്രമേയമോ ഉത്തരവോ നടപടികളോ, അതതു സംഗതിപോലെ", എന്നത് ചേർക്കുക.

750. ഖണ്ഡം 8(9)-ൽ "ബോധ്യമാവുന്നപക്ഷം" എന്നതിനു പകരം "ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

751. ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹൈക്കോടതിയിലെയോ സുപ്രീംകോടതിയിലെയോ" എന്നതിനു പകരം "സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ" എന്ന് ചേർക്കുക.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

756, 757, 758, 760, 762, 764, 765, 766 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

762. ഖണ്ഡം 9(2)-ൽ

i) " അധികാരങ്ങൾ" എന്നതിനു പകരം "അധികാരങ്ങളും" എന്നത് ചേർക്കുക.

ii) "കർത്തവ്യങ്ങൾ" എന്നതിനുപകരം "കർത്തവ്യങ്ങളും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>10-ാം വകുപ്പ്</u>

768, 771, 772, 774, 775, 776, 777, 778 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>11-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

783. ഖണ്ഡം 11(1) -ൽ "ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിനുപകരം "ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ" എന്നു ചേർക്കുക.

798. ഖണ്ഡം 11(3)-ൽ "നിശ്ചയിച്ച" എന്നതിനുപകരം

"നിശ്ചയിക്കുന്ന"  എന്ന് ചേർക്കുക.

779, 780, 781, 782, 784, 788, 789, 790, 791, 793, 794, 795, 796, 797, 799, 801, 804, 806, 807, 810, 812, 813, 814, 815, 816, 818, 819, 820, 821, 825, 827, 828 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

790. ഖണ്ഡം 11(2)-ൽ, " ഐകകണ്ഠേന" എന്നതിനുപകരം "ഐക്യകണ്ഠേന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>12-ാം വകുപ്പ്</u>

829, 830, 831, 832, 833, 834, 836, 837, 839, 840, 841, 842, 843, 844, 846, 847, 848, 849, 850, 851, 852, 853, 855 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>13-ാം വകുപ്പ്</u>

856, 857, 858, 860, 861, 862, 865, 866 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

856. ഖണ്ഡം 13 (1) ൽ “ ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്ത പ്രകാരം" എന്നതിന് പകരം "ഈ ആക്ടിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം” എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

14-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

878. ഖണ്ഡം 14(4)-ൽ "യൂണിവേഴ്സിറ്റിയ്ക്കുവേണ്ടി" എന്നതിനു പകരം"യൂണിവേഴ്സിറ്റിക്കു വേണ്ടി" എന്ന് ചേർക്കുക.

867, 868, 869, 871, 872, 874, 876, 877, 882, 884 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 15-ാം വകുപ്പ്

885, 886, 887, 889, 890, 891, 892, 893, 896 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 16-ാം വകുപ്പ്

897, 898, 900, 901, 902, 903, 904 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>17-ാം വകുപ്പ്</u>

908, 910, 911, 912, 913, 914, 917, 919 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>18-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

927. ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമംമൂലം" എന്നതിനുപകരം " നിയമം മൂലം" എന്ന് ചേർക്കുക.

922, 924, 925, 926, 928, 929, 933, 934, 935, 936 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

925. ഖണ്ഡം 18 (3)-ൽ " അദ്ദേഹം യൂണിവേഴ്സിറ്റിയുടെ" എന്നതിനുശേഷം "ശമ്പളം പറ്റുന്ന" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 19-ാം വകുപ്പ്

937, 938, 939, 940 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

938. ഖണ്ഡം 19-ൽ " ഉദ്യോഗസ്ഥരുടെ" എന്നതിനു പകരം " ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 20-ാം വകുപ്പ്

942, 944, 945, 947, 949 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

951, 954, 957, 958, 962, 963, 964, 965, 966, 971, 973, 974, 979, 980, 985, 986, 987, 989 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>22-ാം വകുപ്പ്</u>

992, 995, 996, 997 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>23-ാം വകുപ്പ്</u>

998, 1000, 1001, 1004, 1006, 1007 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

998. ഖണ്ഡം 23(1)-ൽ "വർഷത്തിൽ ഒരു തവണ" എന്നത് "വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണ" എന്നാക്കുക.

1004. ഖണ്ഡം 23(4)-ൽ "ഒരു യോഗത്തിന്റെ" എന്നത് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

1008, 1009, 1010, 1011 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25-ാം വകുപ്പ്

1012, 1014, 1015, 1016, 1018, 1019, 1020, 1021, 1022, 1024, 1025, 1026, 1028, 1029 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 26-ാം വകുപ്പ്

1030, 1031, 1032, 1034, 1035, 1036, 1037 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 27-ാം വകുപ്പ്

1041, 1042, 1043, 1045 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 28-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1050. ഖണ്ഡം 28(3)(i)-ൽ

(i) "അക്കാദമിക മിനിസ്റ്റിരിയൽ" എന്നതിന് പകരം "അക്കാദമിക, മിനിസ്റ്റീരിയൽ" എന്ന് ചേർക്കുക.

1047, 1048, 1049, 1054, 1055, 1056, 1058, 1059, 1060, 1061, 1062, 1063, 1064, 1065, 1066, 1067, 1069, 1070, 1071, 1072, 1073 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1062. ഖണ്ഡം 28(3)(vi)-ൽ "അനുയോജ്യമായി" എന്ന വാക്കിനു പകരം "അനുസൃതമായി" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>29-ാം വകുപ്പ്</u>

1074, 1075, 1076, 1077, 1080, 1082, 1083, 1084, 1085, 1086, 1087, 1089, 1091 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1082. ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ (i)-ൽ "പഠനസ്കൂളുകളിലെ യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം " യൂണിവേഴ്സിറ്റിയിലെ പഠനസ്കൂളുകളിലെ"എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

1093, 1096, 1097, 1098 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

1099, 1100, 1101, 1102, 1103, 1104 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1111. ഖണ്ഡം 32(iv)-ൽ "ചെയ്യാൻ വേണ്ടി" എന്നതിനു പകരം "ചെയ്യുന്നതിന്" എന്ന് ചേർക്കുക.

1105, 1106, 1107, 1108, 1109, 1110, 1112, 1113, 1114, 1115, 1116, 1117, 1118, 1119, 1120, 1121, 1122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1117. ഖണ്ഡം 32(v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലകളുടെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 33-ാം വകുപ്പ്

1125, 1127, 1129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 34-ാം വകുപ്പ്

1131, 1133, 1134, 1135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 35-ാം വകുപ്പ്

1137, 1139, 1140, 1141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 36-ാം വകുപ്പ്

1143, 1144, 1145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 37-ാം വകുപ്പ്

1148, 1150, 1152, 1153 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 38-ാം വകുപ്പ്

1154, 1155, 1156, 1158, 1160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>39-ാം വകുപ്പ്</u>

1162, 1163, 1164, 1165 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1164. ഖണ്ഡം 39-ൽ "അക്കാദമിക വർഷം" എന്നതിനു പകരം "കാലാവധി" എന്ന് ചേർക്കുക.

1165. ഖണ്ഡം 39-ൽ "പുന:സംഘടിപ്പിക്കാൻ" എന്നതിനു പകരം "പുന:സംഘടിപ്പിക്കുവാൻ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>40-ാം വകുപ്പ്</u>

1166-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 41-ാം വകുപ്പ്

1167, 1168, 1169, 1170, 1171, 1172, 1173, 1177, 1178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1170 ഖണ്ഡം 41(2)(iii)-ൽ " ലാൻഗ്വേജസ്" എന്നതിനു പകരം "ലാംഗ്വേജസ്" എന്ന് ചേർക്കുക.

1172. ഖണ്ഡം 41(2)(vi)-ൽ " ട്രയിനിംഗ്" എന്നതിനു പകരം "ട്രെയിനിംഗ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 42-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1186. ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ൽ "വിദഗ്ധരായ" എന്നതിനു പകരം "വിദഗ്ദ്ധരായ" എന്ന് ചേർക്കുക.

1183, 1184, 1185, 1187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43-ാം വകുപ്പ്

1189, 1190, 1191, 1192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>44-ാം വകുപ്പ്</u>

1194, 1197, 1200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>45-ാം വകുപ്പ്</u>

1201, 1203, 1204, 1205, 1206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1203. ഖണ്ഡം 45 (1)-ൽ,

(i) "ബോർഡിനും" എന്ന വാക്കിന് പകരം "ബോർഡും" എന്ന വാക്ക് ചേർക്കുകയും
(ii) "ബന്ധപ്പെട്ട് " എന്ന വാക്കിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 46-ാം വകുപ്പ്

1207, 1208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 47-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1224. ഖണ്ഡം 47(3)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിനു പകരം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

1209, 1210, 1211, 1213, 1214, 1215, 1218, 1219, 1220, 1221, 1222, 1225, 1228, 1229, 1230 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1228. ഖണ്ഡം 47(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ" എന്നതിനു പകരം "വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 48-ാം വകുപ്പ്

1233, 1234, 1238, 1240, 1241, 1242, 1243 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 49-ാം വകുപ്പ്

1246, 1247, 1248, 1249, 1250, 1251, 1252, 1253 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1247. ഖണ്ഡം 49(ii)-ൽ "പരീക്ഷ കൺട്രോളർ" എന്നതിനു ശേഷം "സൈബർ കൺട്രോളർ" എന്ന് ചേർക്കുക.

1250. ഖണ്ഡം 49(v)-ൽ "കൗൺസിലുകളിലേയോ" എന്ന വാക്കിനു പകരം "കൗൺസിലുകളിലെയോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 50-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1258. ഖണ്ഡം 50(3)-ൽ "തടഞ്ഞുവയ്ക്കുകയോ" എന്നത് നീക്കം ചെയ്യുക.

1254, 1256, 1257, 1259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

1257. ഖണ്ഡം 50(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കരടോ" എന്നതിനുശേഷം വരുന്ന "ഒരു സ്റ്റാറ്റ്യൂട്ടിന്റെ" എന്നത് ഒഴിവാക്കുക.

1259. ഖണ്ഡം 50(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിനു പകരം "ചെയ്യാവുന്നതുമാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

51-ാം വകുപ്പ്

1260, 1262, 1263, 1264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

52-ാം വകുപ്പ്

1265, 1266, 1267 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

53-ാം വകുപ്പ്

1268, 1269, 1270, 1271, 1272 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>54-ാം വകുപ്പ്</u>

1273, 1274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>55-ാം വകുപ്പ്</u>

1275, 1276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>56-ാം വകുപ്പ്</u>

1277, 1278, 1280, 1283, 1286, 1287, 1288 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1288. ഖണ്ഡം 56 (3)-ൽ "അതിന്റെ സബ്സിഡിയറികളിലോ" എന്നീ വാക്കുകൾക്ക് ശേഷം "ദേശസാൽകൃത ബാങ്കുകളിലോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 57-ാം വകുപ്പ്

1289, 1290, 1291 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1289. ഖണ്ഡം 57-ൽ "അടുത്ത" എന്ന വാക്കിന് പകരം "ഓരോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 58-ാം വകുപ്പ്

1292, 1293, 1295, 1299, 1300 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1299. ഖണ്ഡം 58(8)-ൽ "അതു" എന്നതിനു പകരം "അത്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

59-ാം വകുപ്പ്

1301, 1302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1302. ഖണ്ഡം 59(1)-ൽ "ഉൾപ്പെടേണ്ടതും" എന്നതിനു പകരം " ഉൾപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

60-ാം വകുപ്പ്

(ഭേദഗതിയില്ല)

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>61-ാം വകുപ്പ്</u>

1304-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>62-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>63-ാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>64-ാം വകുപ്പ്</u>

1307, 1308 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1307. ഖണ്ഡം 64-ൽ "അംഗീകാരമായി" എന്നതിന് പകരം "അംഗീകൃത യോഗ്യതയായി" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1308-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>65-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

1311. ഖണ്ഡം 65 താഴെ പറയും പ്രകാരം മാറ്റുക:

" 65 <u>വിദ്യാർത്ഥികളുടെ താമസം.</u> - സമ്പർക്ക ക്ലാസ്സുകൾ വേണ്ടി വരുന്ന

സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി യൂണിവേഴ്സിറ്റി പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ പഠനത്തിന് സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതോ ആയ താമസ സ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് താമസിയ്ക്കാവുന്നതാണ്."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 66 മുതൽ 69 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

66 മുതൽ 69 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66 മുതൽ 69 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 70-ാം വകുപ്പ്

1312-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

1312. ഖണ്ഡം 70-ൽ " യൂണിവേഴ്സിറ്റിയുടെയോ" എന്നതിനു ശേഷം "അതിന്റെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 71-ാം വകുപ്പ്

(ഭേദഗതിയില്ല)

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 72-ാം വകുപ്പ്

1314, 1316, 1317, 1318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

73-ാം വകുപ്പ്

1319, 1320, 1321, 1323 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

74-ാം വകുപ്പ്

1324-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

74-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

110, 114, 116, 117, 118, 119, 123, 125, 127, 131, 132, 135, 136, 141,

150, 151, 152, 153, 154, 155, 156, 160, 161, 164, 165, 166, 167, 169, 170, 175, 176, 180, 181, 183, 184, 185, 190, 191, 193, 195, 199, 200 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വിദൂരവിദ്യാഭ്യാസത്തിന്റെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. വൈവിധ്യമാർന്ന അക്കാദമിക് പ്രോഗ്രാമുകളും വെർച്വൽ പഠന സാധ്യതകളും ഓപ്പൺ സർവ്വകലാശാലയുടെ സവിശേഷതയാണ്. റെഗുലർ വിദ്യാഭ്യാസം സാധ്യമാകാത്ത വിഭാഗത്തിന് മേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. വിദൂരവിദ്യാഭ്യാസരംഗത്തെ പോരായ്മകൾ ഒഴിവാക്കി മികവാർന്ന

പദ്ധതികളിലൂടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരമ്പരാഗത കോഴ്സുകൾ നവീകരിക്കാനും പഠിതാക്കൾക്ക് പ്രോഗ്രാമുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകാനും സയൻസ് വിഷയങ്ങൾ വിദൂര വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളുമായി ധാരണയുണ്ടാക്കി അവധി ദിവസങ്ങളിൽ അവിടത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും ആലോചനയുണ്ട്. ജോലിസാധ്യതയുള്ള കോഴ്സുകളും നിയമങ്ങൾക്ക് വിധേയമായി സർട്ടിഫിക്കറ്റ്/ ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതാണ്. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുമായി ചേർന്ന് സേഫ്റ്റി മാനേജ്മെന്റിൽ വിദൂരവിദ്യാഭ്യാസ രീതിയിൽ കോഴ്സ് ആരംഭിക്കാൻ ആലോചനയുണ്ട്. ബിൽ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സ്വാഗതാർഹമാണ്. യൂണിവേഴ്സിറ്റി രൂപീകരണത്തിൽ കുറച്ചുകൂടി അവധാനത കാണിക്കേണ്ടതായിരുന്നു. ആധുനിക വിഷയങ്ങൾ പഠിപ്പിക്കാനും ഡിസ്റ്റന്റ്

എഡ്യൂക്കേഷന്റെ പുതിയ സാധ്യതകൾ ഉൾക്കൊണ്ട് പ്രവർത്തിക്കാനും കഴിയുന്ന രീതികൾ സ്വായത്തമാക്കണം. സയൻസ് വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. സാങ്കേതികവിദ്യകളുടെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്ക് വിദൂര വിദ്യാഭ്യാസം സാധ്യമാകത്തക്ക രീതിയിൽ യൂണിവേഴ്സിറ്റിയെ വികസിപ്പിച്ചെടുക്കുകയും ശ്രീനാരായണഗുരുദേവ തത്വങ്ങളും ആശയങ്ങളും കൂടുതൽ പ്രചരിപ്പിക്കുകയും ചെയ്യണം. യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും അപ്ഗ്രേഡ് ചെയ്യാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ബിൽ ഐകകണ്ഠ്യേന പാസ്സാക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദൈവദശകത്തിന്റെ വാർഷികം സർക്കാർതലത്തിൽ ആഘോഷിക്കാനും ഗുരുദേവന്റെ പ്രതിമ സ്ഥാപിക്കാനും കഴിഞ്ഞത് അഭിമാനാർഹമാണ്. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാലയില്ലെന്നുള്ള പോരായ്മ പരിഹരിച്ചുകൊണ്ടാണ് കൊല്ലം ആസ്ഥാനമായി ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചത്. ആറരലക്ഷത്തിൽപ്പരം കുട്ടികൾ പുതിയതായി സർക്കാർ സ്കൂളുകളിലേയ്ക്ക് കടന്നുവന്നതും

പൊതുവിദ്യാലയങ്ങളിൽ അൻപതിനായിരത്തിലേറെ ഹൈടെക് ക്ലാസ്മുറികൾ സജ്ജീകരിച്ചതും മറ്റും വിദ്യാഭ്യാസ ചിന്തകളിൽനിന്നുള്ള പ്രചോദനം ഉൾക്കൊണ്ട് നടത്തിയ പരിഷ്കാരങ്ങളാണ്. സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനങ്ങളായ കൃഷി, വ്യവസായം, കൈത്തൊഴിൽ, സാങ്കേതികജ്ഞാനം എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്ന വിദ്യാഭ്യാസരീതിക്കല്ലാതെ ഇനിയുള്ള കാലം സമൂഹത്തെ മുന്നോട്ട് നയിക്കാനോ വിദ്യാഭ്യാസ പദ്ധതികൾക്ക് വിജയിക്കാനോ കഴിയില്ലെന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ആഗ്രഹിക്കുന്ന ആർക്കും അറിവ് എളുപ്പത്തിൽ കരഗതമാക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഒരു സ്ഥാപനം വേണമെന്ന ഏറെക്കാലത്തെ സ്വപ്നം സർക്കാർ യാഥാർത്ഥ്യമാക്കി. ആധുനിക ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ഉന്നതവിദ്യാഭ്യാസ നൈപുണ്യവും യോഗ്യതയും പ്രദാനം ചെയ്യാനാണ് ഓപ്പൺ സർവ്വകലാശാലയിലൂടെ ഉദ്ദേശിക്കുന്നത്. സർവ്വകലാശാല നടത്തുന്ന പഠന കോഴ്സുകൾ ഓൺലൈനായും കോൺടാക്റ്റ്

ക്ലാസ്സുകളിലൂടെയും പഠന സാമഗ്രികൾ വിതരണം ചെയ്യുമാണ് നടത്തുന്നത്. സർവ്വകലാശാല ആസ്ഥാനം, റീജിയണൽ പഠനകേന്ദ്രങ്ങൾ, പഠന കാര്യങ്ങളിൽ ബോധനവും പരിശീലനവും അദ്ധ്യാപനവും നൽകാൻ സൗകര്യമുള്ള മറ്റിടങ്ങൾ തുടങ്ങിയവയിലൂടെയാണ് സർവ്വകലാശാലയുടെ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നത്. മറ്റ് സർവ്വകലാശാലകളിൽനിന്നും വ്യത്യസ്തമായി ഇവിടെ സൈബർ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഓപ്പൺ സർവ്വകലാശാല നൽകുന്ന സർട്ടിഫിക്കറ്റുകൾ മറ്റ് റെഗുലർ സമ്പ്രദായത്തിലൂടെ നേടുന്ന സർട്ടിഫിക്കറ്റിന് തുല്യമാണ്. ഉത്തമ പൗരന്മാരെ വാർത്തെടുക്കുകയെന്ന ഗുരുവിന്റെ വിദ്യാഭ്യാസ സങ്കൽപ്പത്തിനനു-സൃതമായിരിക്കും ഓപ്പൺ സർവ്വകലാശാലയുടെ നടത്തിപ്പും ഉള്ളടക്കവും. നവോത്ഥാന പാരമ്പര്യത്തിന്റെ കെടാവിളക്ക് പുതുതലമുറയ്ക്ക് കൈമാറുമെന്ന ബൃഹത്ദൗത്യം ഈ സർവ്വകലാശാല നിർവ്വഹിക്കുന്നതാണ്. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കാം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): 2021-ലെ

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

## XI റൂളിംഗ്

സി. & എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 118 അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് (22.01.2021) സഭയിൽ അവതരിപ്പിച്ച പ്രമേയം വിശദമായ ചർച്ചയ്ക്കുശേഷം ശബ്ദ വോട്ടോടെ സഭ പാസ്സാക്കുകയുണ്ടായി.

സഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിനനുവിധേയമായി മാത്രമാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സി.&എ.ജി.-യുടെ 2019-ൽ

അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കാൻ കഴിയുന്നതെന്ന കാര്യത്തിൽ വ്യക്തത വേണമെന്നും റിപ്പോർട്ടിലെ സഭ നിരാകരിച്ച പേജുകളിലെ പരാമർശങ്ങൾ പി.എ.സി.-ക്ക് പരിശോധിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ആവശ്യമാണെന്നും ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

സഭാചട്ടങ്ങളും കീഴ്‌വഴക്കവും പാർലമെന്റിലെ കീഴ്‌വഴക്കവും കൗൾ ആന്റ് ശക്‌ധറിലെ ഇതുസംബന്ധിച്ച ഭാഗവും ചെയർ വിശദമായി പരിശോധിച്ചതിൽനിന്നും ഇത്തരത്തിൽ ഒരു അസാധാരണ സംഭവം ഇതിനുമുമ്പ് കേരള നിയമസഭയിലോ ഇന്ത്യൻ പാർലമെന്റിലോ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞില്ല.

സി.&എ.ജി. റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ തയ്യാറാക്കിയ 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ നിരാകരിക്കണമെന്ന പ്രശ്നം ഒരു പ്രമേയത്തിലൂടെ സഭ അംഗീകരിച്ച സാഹചര്യത്തിൽ അതൊരു സഭാ തീരുമാനമായിത്തീർന്നിരിക്കുന്നു. സഭയുടെ ഏതൊരു തീരുമാനവും സഭ

തെരഞ്ഞെടുത്ത സമിതികൾക്കും ബാധകമാകുമെന്നതാണ് പൊതു തത്വം.

സഭ കൈക്കൊണ്ട ഈ തീരുമാനത്തിനെതിരെയുള്ള ഒരു സമീപനം അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമിതിക്ക് കൈക്കൊള്ളുവാൻ കഴിയില്ല എന്നുതന്നെയാണ് ചെയറിന്റെ സുവ്യക്തമായ അഭിപ്രായം"

ഈ സാഹചര്യത്തിൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് വ്യക്തത വന്നുവെന്ന് ചെയർ കരുതുന്നു.

## XII അവകാശലംഘന പ്രശ്നങ്ങൾ

### (1) നടപടി അവസാനിപ്പിച്ചവ

തിരുവനന്തപുരം ജില്ലാകളക്ടർക്കെതിരെ ശ്രീ. എം. വിൻസെന്റും കേന്ദ്രവിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരനെതിരെ ശ്രീ. സി. ദിവാകരനും നൽകിയ അവകാശലംഘന നോട്ടീസുമായി ബന്ധപ്പെട്ട നടപടി അവസാനിപ്പിച്ചു.

### (2) പരിഗണനയിലിരിക്കുന്നവ

ശ്രീ. കെ. എസ്. ശബരീനാഥൻ നെടുമങ്ങാട് ഐ.റ്റി.ഡി.പി. ഓഫീസർക്കെതിരെയും ശ്രീ. റ്റി. വി. രാജേഷ് സർവ്വശ്രീ കെ. എം. ഷാജി,

വി. ഡി. സതീശൻ, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, കെ. എസ്. ശബരീനാഥൻ, അൻവർ സാദത്ത്, റോജി എം. ജോൺ എന്നിവർക്കെതിരെയും വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ ശ്രീ. വി. ഡി. സതീശനെതിരെയും ശ്രീ. പി. കെ. ബഷീർ മലപ്പുറം ജില്ലാ പട്ടികജാതി പട്ടികവർഗ്ഗ ഓഫീസർക്കെതിരെയും ശ്രീ. എം. സ്വരാജ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കെതിരെയും ശ്രീ. ഐ. ബി. സതീഷ് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയ്ക്കെതിരെയും 24-02-2015-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5488-ന് നൽകിയ മറുപടി സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫും നൽകിയ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

## (3) അനുമതി നിഷേധിച്ചവ

ശ്രീ. പി. ടി. തോമസ് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കെതിരെയും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല KITE സി.ഇ.ഒ. ശ്രീ. അൻവർ സാദത്ത്, മാനേജർ

ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർക്കെതിരെയും ശ്രീ. കെ. എസ്. ശബരീനാഥൻ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിംഗിനെതിരെയും ശ്രീ. കെ. സി. ജോസഫ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

## XIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ 11 ദിവസം നീണ്ടുനിൽക്കുന്ന ഇരുപത്തിരണ്ടാം സമ്മേളനം ജനുവരി എട്ടാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ചു. 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് അവതരിപ്പിക്കുകയും 2021 ഏപ്രിൽ മുതൽ നാല് മാസത്തേയ്ക്കുള്ള വോട്ട്-ഓൺ-അക്കൗണ്ട്, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ചും ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുമുള്ള ധനവിനിയോഗ ബില്ലുകളും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ, 2021-ലെ ധനകാര്യ ബില്ലുകൾ എന്നിവയും പരിഗണിച്ച് പാസ്സാക്കുകയുണ്ടായി. അന്തരിച്ച മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി, നിയമസഭാംഗമായിരുന്ന സി. എഫ്. തോമസ്, കെ. വി. വിജയദാസ് എന്നിവർക്ക് ചരമോപചാരം അർപ്പിച്ചു. ചട്ടം 50 പ്രകാരം ഏഴ് അടിയന്തര പ്രമേയ നോട്ടീസ് ലഭിച്ചതിൽ കിഫ്ബി വഴി നടത്തിയ മസാല ബോണ്ട് ഇടപാടിലെ നിയമ വിരുദ്ധത സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ

നോട്ടീസ് ചർച്ചയ്ക്കെടുത്തു. 14 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും 103 സബ്മിഷനുകളും സഭയിൽ ഉന്നയിക്കുകയുണ്ടായി. നിയമസഭാ സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയ പ്രമേയം സഭ ചർച്ച ചെയ്ത് തള്ളുകയും പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം പി. സി. ജോർജിനെ സഭ ശാസിക്കുകയുമുണ്ടായി. കൂടാതെ C&AG-യുടെ റിപ്പോർട്ടിൽ അധികമായി എഴുതിച്ചേർത്ത ഭാഗങ്ങൾ നിരാകരിക്കുന്നത് സംബന്ധിച്ച് ചട്ടം 118 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ പാസ്സാക്കുകയും ചെയ്തു.

പതിനാലാം കേരള നിയമസഭ 1 മുതൽ 22 സമ്മേളനങ്ങളിലായി 232 ദിനങ്ങൾ സമ്മേളിക്കുകയും നിരവധി വിഷയങ്ങൾ പരിഗണിക്കുകയും ചെയ്തു. ഈ കാലയളവിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 140 അംഗങ്ങളിൽ ഏഴ് പേർ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു പോകുകയും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ 5 പേർ നിയമസഭാംഗത്വം രാജിവയ്ക്കുകയും ഒഴിവുവന്ന സീറ്റുകളിൽ ഉപതെരഞ്ഞെടുപ്പിലൂടെ 8 പേർ സഭയിലേയ്ക്ക്

കടന്നുവരികയും സഭയുടെ കാലാവധി അവസാനിക്കുമ്പോൾ 4 സീറ്റുകൾ ഒഴിഞ്ഞുതന്നെ കിടക്കുകയും ചെയ്യുന്നു.

ശ്രീ. പി. സദാശിവം നാലു പ്രാവശ്യവും ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ രണ്ടു പ്രാവശ്യവും പതിനാലാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് നയപ്രഖ്യാപന പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

പ്രസ്തുത സമ്മേളന കാലയളവിൽ അംഗങ്ങൾ നോട്ടീസ് നൽകിയ 113446 ചോദ്യങ്ങളിൽ 72482 ചോദ്യങ്ങളും (6328 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 66154 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും) ഏഴ് അടിയന്തര ചോദ്യങ്ങളും അനുവദിക്കുകയും നക്ഷത്രചിഹ്നമിട്ട 645 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാങ്മൂലം മറുപടി നൽകുകയും പത്താം സമ്മേളനത്തിൽ ആദ്യമായി നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്മേൽ സമർപ്പിക്കപ്പെട്ട പുതുക്കിയ മറുപടിയിൻമേൽ ഉപചോദ്യങ്ങൾ അനുവദിക്കുകയും ചെയ്തു.

ഇ-നിയമസഭ പദ്ധതിയുടെ ഒന്നാംഘട്ടം 18-ാം സമ്മേളനത്തിൽ ആരംഭിക്കുകയും 22-ാം സമ്മേളനത്തിൽ സമഗ്രമായി നടപ്പിലാക്കുകയും ചെയ്തു.

364 ശ്രദ്ധക്ഷണിക്കലുകളും 2072 സബ്മിഷനുകളും അവതരിപ്പിക്കുകയും 5233 ഔദ്യോഗിക രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ഭേദഗതി ചെയ്യുന്നതിനായി നോട്ടീസ് ലഭിച്ച ചട്ടങ്ങളിൽ 5 എണ്ണം സഭാതലത്തിൽത്തന്നെ ഭേദഗതി വരുത്തുകയും ചെയ്തു.

ഈ സഭയിൽ അംഗങ്ങളായിരുന്ന 7 പേരുൾപ്പെടെ 74 പ്രമുഖ വ്യക്തിത്വങ്ങളുടെ ദേഹവിയോഗത്തിൽ സഭ ദു:ഖം രേഖപ്പെടുത്തുകയും ഉപചാരമർപ്പിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ്സ് കമ്മിറ്റി 35 റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 79 റിപ്പോർട്ടുകളും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി 130 റിപ്പോർട്ടുകളും സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 20 റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റികൾ രൂപീകൃതമായതിനുശേഷം ഏറ്റവും കൂടുതൽ റിപ്പോർട്ടുകൾ സമർപ്പിച്ച സമിതികൾ എന്ന ഖ്യാതി നേടുകയുമുണ്ടായി. സബ്ജക്ട് കമ്മിറ്റികൾ പതിവ് റിപ്പോർട്ടുകൾക്കുപുറമെ 17 സ്പെഷ്യൽ റിപ്പോർട്ടുകളും ബില്ലുകളിൻമേലുള്ള 76 റിപ്പോർട്ടുകളും സമർപ്പിച്ചു.

രണ്ട് സെലക്ട് കമ്മിറ്റികൾ രൂപീകരിക്കുകയും സർഫാസി ആക്ട് പ്രകാരം സംസ്ഥാനത്തുളവായ അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതി സഭയിൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.

213 ഔദ്യോഗിക ബില്ലുകളും 62 അനൗദ്യോഗിക ബില്ലുകളുമുൾപ്പെടെ 275 ബില്ലുകൾ പ്രസിദ്ധീകരിക്കുകയും 87 ഗവൺമെന്റ് ബില്ലുകളും 22 ധനവിനിയോഗ ബില്ലുകളുമുൾപ്പെടെ 109 നിയമങ്ങൾ പാസ്സാക്കുകയും ചെയ്തു.

ഗവർണ്ണർ തിരിച്ചയച്ച 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. 2018-ലെ കേരള (പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ)) ബില്ലിന് ഗവർണ്ണർ അനുമതി നിഷേധിച്ചതും നിയമ നിർമ്മാണ ചരിത്രത്തിലെ പ്രധാന സംഭവമാണ്.

3 അനൗദ്യോഗിക പ്രമേയങ്ങളും രണ്ട് സ്റ്റാറ്റ്യൂട്ടറി പ്രമേയങ്ങളും 20 ഗവൺമെന്റ് പ്രമേയങ്ങളും പാസ്സാക്കുകയും സർക്കാരിൽ അവിശ്വാസം

രേഖപ്പെടുത്തുന്ന പ്രമേയം സഭ വോട്ടിനിട്ട് തള്ളുകയും സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയം ഭൂരിപക്ഷമില്ലാത്തതിനാൽ സഭാതലത്തിൽ പരാജയപ്പെടുകയും ചെയ്തു.

ചട്ടം 58 പ്രകാരമുള്ള ഒരു ചർച്ചയും ചട്ടം 130 പ്രകാരം 7 വ്യത്യസ്ത വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും ചട്ടം 275 അനുസരിച്ചുള്ള 7 സബ്സ്റ്റാന്റീവ് മോഷനുകൾ പാസ്സാക്കുകയും ചെയ്തു. ചട്ടം 50 അനുസരിച്ചുള്ള 6 പ്രമേയങ്ങൾ ചർച്ച ചെയ്ത് വോട്ടിനിട്ട് തള്ളുകയും ചട്ടം 205 B പ്രകാരം 13-ാം കേരള നിയമസഭയിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 16-ാമത് റിപ്പോർട്ടിനെ സംബന്ധിച്ചുള്ള ചർച്ച നടത്തുകയും ചട്ടം 300 പ്രകാരം 24 പ്രസ്താവനകൾ നടത്തുകയുമുണ്ടായി. 6 ബഡ്ജറ്റുകൾ അവതരിപ്പിക്കുകയും 2018-ലും 2020-ലും സാമ്പത്തിക വർഷാരംഭത്തിന് മുമ്പുതന്നെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുകയും ചെയ്തു. ഈ സഭാകാലയളവിൽ 65724 സന്ദർശകർ നിയമസഭാ നടപടികൾ വീക്ഷിക്കാനെത്തുകയും പന്ത്രണ്ടാം സമ്മേളനം മുതൽ സഭാ സമ്മേളനം ആരംഭിക്കുന്ന സമയം രാവിലെ 9 മണിയാക്കി മാറ്റുകയും സ്ത്രീകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ

പരിഗണനാ പട്ടികയിൽ ട്രാൻസ്ജെൻഡറിനെകൂടി ഉൾപ്പെടുത്തി സമിതിയുടെ പേരിൽ മാറ്റം വരുത്തി ചട്ടഭേദഗതികൾ വരുത്തുകയുമുണ്ടായി.

കേരളപ്പിറവിയുടെ അറുപതാം വാർഷികം, ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം, രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 150-ാം വാർഷികം എന്നിവയോടനുബന്ധിച്ച് മൂന്ന് പ്രത്യേക സമ്മേളനങ്ങൾ ചേരുകയും കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' സംഘടിപ്പിക്കുകയും അതിന്റെ തുടർച്ചയായി രണ്ട് ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുകയുമുണ്ടായി. നിയമ നിർമ്മാണ പ്രക്രിയയിൽ പൊതുജനങ്ങൾക്കുകൂടി പങ്കാളിത്തം ഉറപ്പുവരുത്തുവാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും സംഘടനകൾക്കും ബില്ലുകളിന്മേൽ ഭേദഗതി നിർദ്ദേശിക്കുവാനായി ഒരു വെബ് പോർട്ടൽ ആരംഭിച്ചു. സബ്ജക്ട് കമ്മിറ്റികൾക്ക് പ്രത്യേകം ചുമതലകൾ നൽകി ചട്ടനിർമ്മാണം ത്വരിതപ്പെടുത്തി. സഭയുടെ ഔദ്യോഗിക നടപടികൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുകയും സഭയുടെ ഇതുവരെയുള്ള എല്ലാ ചരിത്രവും ആർക്കൈവ്സ്

ചെയ്യാനും നിയമസഭയുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചു. സംസ്ഥാന സാക്ഷരതാ മിഷനുമായിച്ചേർന്ന് സംസ്ഥാനത്തൊട്ടാകെ 1000 ഭരണഘടനാ ക്ലാസ്സുകളും ഭരണഘടനാ സാക്ഷരതാ മാർച്ചും സംഘടിപ്പിക്കുകയും 'സഭാ ടി.വി.' എന്ന പേരിൽ നിയമസഭയ്ക്ക് സ്വന്തമായി ഒരു ടി.വി. ചാനലും ഒരു OTT പ്ലാറ്റ്ഫോമും ആരംഭിക്കുകയും ചെയ്തു. നിയമസഭയിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് എന്ന സ്ഥാപനത്തെ നവീകരിച്ച് അക്കാദമികവും പുതുമയാർന്നതുമായ പരിപാടികളിലൂടെ പുനഃസംഘടിപ്പിച്ചു. നിയമസഭ പാസ്സാക്കിയ നിയമങ്ങൾ സമൂഹത്തിൽ വരുത്തിയ ചലനങ്ങളെ സംബന്ധിച്ച് ഇംപാക്ട് സ്റ്റഡി നടത്തി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. നിയമസഭയിൽ 50 വർഷം പൂർത്തീകരിച്ച കെ.എം. മാണി, ശ്രീ. ഉമ്മൻ ചാണ്ടി എന്നിവരുടെ നിയമസഭാ പ്രവർത്തനത്തെ സംബന്ധിച്ച് രണ്ട് പ്രത്യേക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചതുൾപ്പെടെ എട്ടോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിന് തയ്യാറായിവരുന്നു. കൗൾ ആന്റ് ശക്ധർ മാതൃകയിൽ ഒരു റഫറൻസ് ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും അതിന്റെ രണ്ടാം വാല്യം ഉടൻ

പ്രസിദ്ധീകരിക്കുന്നതുമാണ്. സാമാജികരുടെയും നിയമസഭയുടെയും പ്രവർത്തനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ 'അറിവോരം' എന്ന പേരിൽ ഒരു വെബ്/അച്ചടി മാഗസിൻ ആരംഭിക്കുകയും നിയമസഭാ മാധ്യമ അവാർഡുകളുടെ സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തു. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്ററാക്കി മാറ്റുകയും നിയമസഭാ പരിസരത്ത് ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓർഗാനിക് ഫാമിംഗ് തുടങ്ങുകയും ചെയ്തു. സാമാജികർക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണ്ടത്ര വാഹന സൗകര്യങ്ങൾ ഏർപ്പാടാക്കുകയും ക്യാന്റീൻ സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്തു.

പതിനാലാം കേരള നിയമസഭയുടെ സമ്മേളനങ്ങളും അനുബന്ധ പരിപാടികളും വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനപ്പെട്ട സാമാജികർക്ക് എല്ലാവിധ നന്മകളും ആശംസിക്കുന്നു. സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ രാത്രി 8.18-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *